നമ്പർ: **MOSC/CMM/277/2019**

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, പള്ളികൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,
കഴിഞ്ഞ വർഷം കേരളം സാക്ഷ്യം വഹിച്ച ഏറ്റവും വലിയ പ്രളയ ദുരന്തത്തിന്റെ കെടുതികളിൽ നിന്ന് സംസ്ഥാനം മുക്തി പ്രാപിച്ച് വരുന്നതിനിടയ്ക്ക് ഈ വർഷവും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വിശേഷിച്ച് വടക്കൻ കേരളത്തിലും, കർണ്ണാടകത്തിൽ പലയിടങ്ങളിലും ഉണ്ടായ വെള്ളപ്പൊക്കവും ഉരുൾപൊട്ടലും അവിടെയുള്ള സാധാരണ ജനങ്ങളുടെ ജീവിതത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. ആയിരക്കണക്കിന് ആളുകൾ ദുരിതാശ്വാസ കേന്ദ്രങ്ങളിലാവുകയും കോടികളുടെ നഷ്ടം ഉണ്ടാവുകയും ചെയ്തിരിക്കുന്നു എന്ന് പ്രാരംഭ കണക്കുകൾ വെളിപ്പെടുത്തുന്നു. ഈ വർഷം ദുരന്തമുണ്ടായ ചിലയിടങ്ങളിൽ നാം വ്യക്തിപരമായി സന്ദർശനം നടത്തി. അവാച്യമായ ദുരിതാനുഭവങ്ങളാണ് നാം അവിടെ ദർശിച്ചത്. ജനങ്ങളുടെ പരസ്പരസഹകരണത്താൽ നമ്മുടെ സംസ്ഥാനം ഈ ദുരന്തത്തിൽനിന്നും കരകയറുവാനുള്ള പരിശ്രമങ്ങളിൽ ഇപ്പോൾ ആയിരിക്കുന്നു. കഴിഞ്ഞ വർഷത്തെ പ്രളയ ദുരന്ത നിവാരണത്തിൽ പങ്കുചേർന്നതുപോലെ ഇപ്പോഴും ദുരന്തത്തിൽ ഉൾപ്പെട്ട ജനവിഭാഗത്തിന്റെ പുനരധിവാസത്തിന് പ. സഭ മുന്നിട്ടിറങ്ങേണ്ടിയിരിക്കുന്നു. ഇതുവരെയുള്ള രക്ഷാപ്രവർത്തനത്തിലും ദുരിതാശ്വാസ പ്രവർത്തനത്തിലും പുനരധിവാസ പ്രക്രിയയിലും നമ്മുടെ സഭയിലെ ആത്മീയ പ്രസ്ഥാനങ്ങളും നമ്മുടെ വിശ്വാസികളും ചെയ്ത ശുശ്രൂഷകൾ വാക്കുകൾകൊണ്ട് വർണ്ണിക്കാവുന്നതിലും അപ്പുറമാണ്.

കഴിഞ്ഞ വർഷത്തെ പ്രളയ ദുരന്ത ബാധിതർക്ക് സഹായത്തിനായി മലങ്കര സഭാ മക്കളിൽ നിന്ന് ഉദാരമായ സംഭാവനകൾ ലഭിക്കുകയുണ്ടായി. അവ കൃത്യമായി കണക്കിൽ രേഖപ്പെടുത്തി സഭാ സമിതികളുടെയും മെത്രാസനങ്ങളുടെയും സഹകരണത്തോടെ ദുരിത ബാധിതരായ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും അക്കൗണ്ടുകളിലേക്ക് നേരിട്ട് നൽകുകയുണ്ടായി. ദുരന്തബാധിതരുടെ പുനരധിവാസത്തിനായി ഗണ്യമായ ഒരു തുക ഈ വർഷവും സ്വരൂപിച്ച്, നിലവിൽ നൽകി വരുന്ന ദുരിതാശ്വാസ സഹായത്തോടൊരുമിച്ച് വിനിയോഗിക്കണമെന്ന് നാം ആഗ്രഹിക്കുന്നു. കേരളത്തിന്റെ വടക്കൻ ഭദ്രാസനങ്ങളിലെ ദുരിതാശ്വാസത്തിനായി ഒരു കോടി രൂപ അടിയന്തര സഹായമായി അനുവദിച്ചിട്ടുണ്ട്. പ്രകൃതി ദുരന്തത്തിന്റെ ആഘാതം വിവിധ തലങ്ങളിൽ നേരിടുന്ന നമ്മുടെ സഹോദരങ്ങൾക്കായി കരുതലിന്റെ കരം നീട്ടിക്കൊടുക്കുവാൻ കഴിയുന്നത് വലിയ പുണ്യമായി കരുതി നിങ്ങളേവരും ഇക്കാര്യത്തിൽ തികച്ചും ആത്മാർത്ഥമായി സഹകരിക്കണം. ഓരോ ഇടവകയും അവരവരുടെ പ്രാപ്തിക്കൊത്തവണ്ണം ഈ ശുശ്രൂഷയിൽ സത്യസന്ധമായി സഹകരിക്കുകയും താഴെ പറയുന്ന അക്കൗണ്ടിലേക്ക് തുകകൾ സ്വരൂപിച്ച് അയയ്ക്കുകയും ചെയ്യണം.

ഇന്ത്യൻ രൂപയിലുള്ള തുകകൾ: **A/c No. 57017053190, SBI Devalokam Branch, IFSCode SBIN 0070820, Name of Accout Holder: H H Baselios Marthoma Paulose II - Natural Calamity.**

(മറുപുറം)

വിദേശ കറൻസിയിലുള്ള തുകകൾ: **A/c No. 57008125180, SBI, Kottayam Civil Station Branch, Swift Code: SBININBBT15, Account Holder: H. H. Baselios Marthoma Paulose II.**

അക്കൗണ്ടിലേക്ക് പണം അയയ്ക്കുന്നവർ അയച്ചവിവരം catholicateoffice@mosc.in ലേക്ക് എഴുതി അറിയിക്കുന്നത് അക്കൗണ്ട് പരിശോധിക്കുന്നതിനും രസീത് അയച്ചുതരുന്നതിനും ഏറെ ഉപകരിക്കും.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2019 ഓഗസ്റ്റ് മാസം 28-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.